കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി
KERALA STATE LITERACY MISSION AUTHORITY
(GENERAL EDUCATION DEPARTMENT, GOVERNMENT OF KERALA)
T.C. No.27/1461 Convent Road, Kammattam Lane, Vanchiyoor, Thiruvananthapuram-35
Phone: 0471-2472253, 2472254, Fax : 0471-2462252, E-mail: stateliteracymission@gmail.com

**തീയതി: 18.05.2018**

## രണ്ടാംഘട്ടം 200 ഊരുകളിൽ; ഉദ്ഘാടനം 20ന്

# സാക്ഷരതാമിഷന്റെ വയനാട് ആദിവാസി സാക്ഷരതാ പദ്ധതിയിൽ 4309 പേർ വിജയിച്ചു

തിരുവനന്തപുരം: ആദിവാസി മേഖലകളിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി സംസ്ഥാന സാക്ഷരതാമിഷൻ വയനാട് ജല്ലയിൽ ആരംഭിച്ച പ്രത്യേക സാക്ഷരതാ പദ്ധതിയിലെ പരീക്ഷയിൽ 4309 പേർ വിജയിച്ചു. വിജയശതമാനം 95.5. ഇതിൽ 3551 പേർ സ്ത്രീകളും 758 പേർ പുരുഷന്മാരുമാണ്. 26 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ 282 കോളനികളിലായി മൊത്തം 4512 പേരാണ് പരീക്ഷ എഴുതിയത്. തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ ഇണ്ടേരിക്കുന്ന് കോളനിയിലെ കുംഭ (90) ആണ് പരീക്ഷയെഴുതിയവരിൽ ഏറ്റവും പ്രായംചെന്നത്. പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിലെ ചൽക്കാരക്കുന്ന് കോളനിയിലെ ലക്ഷ്മി (16), പിലാത്തോട്ടം കോളനിയിലെ ശ്രീജേഷ് (16) എന്നിവരാണ് പരീക്ഷ എഴുതിയവരിൽ ഏറ്റവും പ്രായം കുറഞ്ഞവർ. പണിയ, കാട്ടുനായ്ക്കർ വിഭാഗത്തിൽപ്പെട്ടവരാണ് പരീക്ഷയെഴുതിവരിൽ ഭൂരിഭാഗവും.

ഗ്രാമപഞ്ചായത്തുകളിൽ പൊഴുതനയിലാണ് ഏറ്റവും കൂടുതൽ പഠിതാക്കൾ പരീക്ഷയെഴുതിയത്. 257 പേർ. ബ്ലോക്കിൽ കൽപറ്റയിലും (1632), മുനിസിപ്പാലിറ്റിയിൽ മാനന്തവാടിയിലു(202)മാണ് ഏറ്റവും കൂടുതൽ പേർ പരീക്ഷയെഴുതിയത്. സാക്ഷരതാപരീക്ഷയിൽ വിജയിച്ചവർക്ക് സാക്ഷരതാമിഷന്റെ നാലാംതരം തുല്യതാ കോഴ്സിൽ ചേരാവുന്നതാണ്. സാക്ഷരതാക്ലാസുകൾ നടന്ന അതേ പഠനകേന്ദ്രങ്ങളിൽതന്നെ നാലാം തരം തുല്യതാകോഴ്സ് പഠിക്കാം.

എഴുത്തും വായനയും കണക്കും ചേർന്ന് രണ്ട് മണിക്കൂറായിരുന്നു പരീക്ഷ. 282 കോളനികളിലും ഒരു ആദിവാസി ഇൻസ്ട്രക്ടറും ഒരു പൊതുവിഭാഗം ഇൻസ്ട്രക്ടറും ചേർന്നാണ് ക്ലാസുകൾ നൽകിയത്. കൽപ്പറ്റ, സുൽത്താൻ ബത്തേരി, മാനന്തവാടി, പനമരം ബ്ലോക്കുകളിലായി ഡയറ്റിന്റെ നേതൃത്വത്തിലാണ് മൂല്യനിർണയം നടത്തിയത്.

കോളനികളിലെ ക്ലാസുകൾക്ക് ജനപ്രതിനിധികളുടെയും വിവിധ സ്ഥാപനങ്ങളുടെയും സഹായവും ഉണ്ടായിരുന്നു. പരിപൂർണ സാക്ഷരതാ പദ്ധതിയുടെ ഭാഗമായാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ആദിവാസികളെ സാക്ഷരരാക്കാനുള്ള പ്രവർത്തനങ്ങൾ സംസ്ഥാന സാക്ഷരതാമിഷൻ ആരംഭിച്ചത്.

വിജയികൾക്കുള്ള സർട്ടിഫിക്കറ്റുകളുടെ വിതരണവും പദ്ധതിയുടെ രണ്ടാംഘട്ട ഉദ്ഘാടനവും ഈമാസം (മെയ്) 20ന് രാവിലെ 11ന് കൽപ്പറ്റ ചന്ദ്രഗിരി ഓഡിറ്റോറിയത്തിൽ പട്ടികജാതി–പട്ടികവർഗ വികസനവകുപ്പ് മന്ത്രി എ.കെ.ബാലൻ നിർവഹിക്കും. സി.കെ.ശശീന്ദ്രൻ എം.എൽ.എ അധ്യക്ഷത വഹിക്കും. ആദ്യഘട്ടം വിജയിച്ച സാഹചര്യത്തിലാണ് പദ്ധതിയുടെ രണ്ടാംഘട്ടം 200 ഊരുകളിലേക്കുകൂടി വ്യാപിപ്പിക്കുന്നതെന്ന് സാക്ഷരതാമിഷൻ ഡയറക്ടർ ഡോ.പി.എസ്.ശ്രീകല പറഞ്ഞു.

**പബ്ലിക് റിലേഷൻസ് ഓഫീസർ**